16. ചാലക്കുടി, പന്തളം എന്നിവിടങ്ങളിൽ ഗാരേജ് നിർമ്മിച്ചു

17. നെടുമങ്ങാട് ആരംഭിക്കുന്ന ആധുനിക ബസ് ടെർമിനലിന്റെ നിർമ്മാണ പ്രവർത്തനത്തിന് 16-2-2011-ൽ തുടക്കം കുറിച്ചു

18. ഈഞ്ചയ്ക്കൽ അന്തർ സംസ്ഥാന ബസ് ടെർമിനലിന്റെ പണി ആരംഭിക്കുവാൻ അനുമതിയായി.

ക്യാൻസർ സുരക്ഷാ പദ്ധതി

14 (*224) ശ്രീമതി കെ. എസ്. സലീഖ :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. കെ. സി. കുഞ്ഞിരാമൻ :
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുട്ടികൾക്കായി ആവിഷ്കരിച്ച ക്യാൻസർ സുരക്ഷാ പദ്ധതിയുടെ വിശദാംശം നൽകുമോ ;

(ബി) ഇതിനകം എത്ര കുട്ടികൾക്ക് പദ്ധതിയുടെ പ്രയോജനം ലഭിച്ചു ; ചികിത്സയ്ക്കായി എത്ര കോടി രൂപ ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ ;

(സി) കുട്ടികളിൽ ക്യാൻസർരോഗം വർദ്ധിച്ചുവരുന്നതിന്റെ കാരണം പഠനവിധേയമാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ഡി) ക്യാൻസർ സുരക്ഷാപദ്ധതി കൂടുതൽ പേർക്ക് പ്രയോജനപ്പെടുംവിധം വിപുലീകരിക്കാൻ നടപടി സ്വീകരിക്കുമോ ?

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ) :

(എ) സംസ്ഥാനത്തുള്ള 18 വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് സൗജന്യമായി ക്യാൻസർ ചികിത്സ ലഭ്യമാക്കുന്ന പദ്ധതിയാണ് ക്യാൻസർ സുരക്ഷാ പദ്ധതി. ക്യാൻസർ രോഗത്തിന് ചികിത്സയിലായിരിക്കുന്ന എല്ലാ കുട്ടികൾക്കും കുടുംബ വരുമാനം മാനദണ്ഡമാക്കാതെ ക്യാൻസർ സുരക്ഷാ പദ്ധതിയുടെ ആനുകൂല്യം നൽകിവരുന്നു. ആർ.സി.സി., തിരുവനന്തപുരം, മലബാർ ക്യാൻസർ സെന്റർ തലശ്ശേരി, എസ്.എ.റ്റി, തിരുവനന്തപുരം, ജനറൽ ആശുപത്രി എറണാകുളം, ഐ.എംസി.എച്ച്. കോഴിക്കോട്, ഐ.എം.സി.എച്ച്. കോട്ടയം, പരിയാരം മെഡിക്കൽ കോളേജ്, എല്ലാ ഗവൺമെന്റ് മെഡിക്കൽ കോളേജുകൾ തുടങ്ങിയ ആശുപത്രികളിൽ ഈ പദ്ധതി പ്രകാരം സൗജന്യ ചികിത്സ നൽകിവരുന്നു.

(ബി) ഈ പദ്ധതി പ്രകാരം 2011 ജനുവരി 15 വരെ 1655 കുട്ടികൾക്ക് 61012717.80 രൂപയുടെ സൗജന്യ ചികിത്സ നൽകിയിട്ടുണ്ട്.

(സി) കുട്ടികളിൽ ക്യാൻസർ രോഗം വർദ്ധിച്ചുവരുന്നു എന്നതു മാത്രമായി പ്രത്യേക പഠനം നടത്തിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കുടുംബ വരുമാനത്തിന്റെ അടിസ്ഥാനത്തിൽ ക്യാൻസർ സുരക്ഷാ പദ്ധതിയുടെ ആനുകൂല്യം നൽകുന്നത് ഉചിതമല്ല എന്ന് ബോധ്യപ്പെട്ടതിനാൽ നിലവിൽ ക്യാൻസർ രോഗത്തിന് ചികിത്സയിലായിരിക്കുന്ന യോഗ്യതയുള്ള എല്ലാ കുട്ടികൾക്കും കുടുംബവരുമാനം മാനദണ്ഡമാക്കാതെ തന്നെ ക്യാൻസർ സുരക്ഷാ പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കിക്കൊണ്ട് 18-2-2010-ലെ സ.ഉ.(സാധാ)91/2010/സാക്ഷേവ പ്രകാരം ഉത്തരവായിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി.-യുടെ സേവനം മെച്ചപ്പെടുത്തുന്നതിനും വിപുലീകരിക്കുന്നതിനുമായി സ്വീകരിച്ചിട്ടുള്ള നടപടികൾ

15 (*225) ശ്രീ. എം. ചന്ദ്രൻ :
ശ്രീ. സി. എം. ദിനേശ് മണി :
ശ്രീ. ബി. രാഘവൻ :
ശ്രീ. കെ. സി. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.-യുടെ സേവനം മെച്ചപ്പെടുത്തുന്നതിനും വിപുലീകരിക്കുന്നതിനുമായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതുതായി എത്ര ഷെഡ്യൂളുകൾ ആരംഭിച്ചു ;

(സി) ആദായകരമല്ലാത്ത ഷെഡ്യൂളുകൾ നിർത്തലാക്കുന്നത് സംബന്ധിച്ച് സർക്കാരിന്റെ നയം വ്യക്തമാക്കുമോ ;

(ഡി) മലബാർ മേഖലയിൽ കെ.എസ്.ആർ.ടി.സി.യുടെ സേവനം മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(ഇ) പുതുതായി നിരത്തിലിറക്കിയിട്ടുള്ള വാഹനങ്ങൾ സംബന്ധിച്ച വിശദാംശം നൽകുമോ ;

(എഫ്) സർവ്വീസ് രംഗം മെച്ചപ്പെടുത്തുന്നതിനായി പുതുതായി എത്ര ബസ് സ്റ്റേഷനുകൾ ആരംഭിച്ചുവെന്ന് വ്യക്തമാക്കുമോ ?

ഗതാഗതവകുപ്പുമന്ത്രി (ശ്രീ. ജോസ് തെറ്റയിൽ) : സർ,

(എ) K.S.R.T.C.-യുടെ സേവനം മെച്ചപ്പെടുത്തുന്നതിലേക്കായി ചുവടെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട് :

1. താരതമ്യേന കുറഞ്ഞ ചിലവിൽ ഈടുറ്റതും യാത്രക്കാർക്ക് സൗകര്യ പ്രദമായി യാത്ര ചെയ്യുവാൻ ഉതകുന്നതുമായ ബസുകൾ നിരത്തിലിറക്കാൻ തീരുമാനിച്ചു

2. നിർജ്ജീവമായി കിടന്ന വർക്ക്ഷോപ്പുകൾ പുനരുദ്ധരിക്കുവാൻ നടപടികൾ സ്വീകരിച്ചു. കെ.എസ്.ആർ.ടി.സി.-യുടെ വർക്ക്ഷോപ്പുകളിൽ തന്നെ ബസ്ബോഡികൾ നിർമ്മിക്കാൻ തക്കവണ്ണം സജ്ജമാക്കി

LIBRARY ARCHIVES Kerala Legislative Assembly